**15 -ാം കേരള നിയമസഭ**

**8 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5774** **16-03-2023 - ൽ മറുപടിയ്ക്ക്**

**മരുന്ന് വില നിയന്ത്രിക്കുന്നതിന് സ്വീകരിച്ച നടപടികൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ തോമസ് കെ തോമസ്,<br>ശ്രീ കെ ബി ഗണേഷ് കുമാർ,<br>ശ്രീ കോവൂർ കുഞ്ഞുമോൻ,<br>ശ്രീ. കെ.പി.മോഹനൻ | | ശ്രീമതി വീണാ ജോർജ്ജ്<br>(ആരോഗ്യ- വനിത-ശിശുവികസന വകുപ്പ് മന്ത്രി) | |
| (എ) | വർദ്ധിച്ചുവരുന്ന മരുന്ന് വില നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ച് വരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ; | (എ) | വർദ്ധിച്ചുവരുന്ന മരുന്ന് വില നിയന്ത്രിക്കുന്നതിനായി ഈ സർക്കാർ ചുവടെ ചേർത്തിട്ടുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br>(1) 2023-24 സാമ്പത്തിക വർഷത്തെ ആരോഗ്യവകുപ്പിനും, മെഡിക്കൽ വിദ്യാഭ്യാസ വകുപ്പിനും കീഴിലുള്ള സർക്കാർ ആശുപത്രികളിലേയ്ക്കുള്ള സൗജന്യ മരുന്നു വിതരണത്തിനായി 2022 ആഗസ്റ്റ് മാസം തന്നെ അവശ്യ മരുന്നു പട്ടിക പരിഷ്കരണം നടത്തുന്നതിനുള്ള നടപടികൾ ആരംഭിച്ച് സെപ്റ്റംബർ മാസം അന്തിമ മരുന്നു പട്ടിക പ്രസിദ്ധപ്പെടുത്തുകയും ഒക്ടോബർ മാസത്തോടെ 2023-24 സാമ്പത്തിക വർഷത്തേയ്ക്കുള്ള വാർഷിക ഇൻഡന്റുകൾ ശേഖരിച്ച് ഒക്ടോബർ 22 ന് ദർഘാസ് ക്ഷണിക്കുകയുണ്ടായി. സാങ്കേതിക പ്രമാണങ്ങളുടെ സൂക്ഷ്മപരിശോധന, പ്രാഥമിക തലത്തിൽ യോഗ്യത നേടിയ കമ്പനികളുടെ ഫാക്ടറി പരിശോധന, സാങ്കേതിക മൂല്യനിർണ്ണയത്തിൽ യോഗ്യത നേടിയ സ്ഥാപനങ്ങളുടെ പ്രൈസ് ബിഡ് പരിശോധന തുടങ്ങിയ നടപടിക്രമങ്ങൾ പൂർത്തീകരിച്ച് അന്തിമ പട്ടികയിൽ യോഗ്യത നേടിയ കമ്പനികൾക്ക് വിതരണാനുമതിയും, വിതരണോത്തരവും നൽകുന്ന നടപടിക്രമങ്ങൾ പുരോഗമിച്ചു വരുന്നു.<br>(2) മത്സരാധിഷ്ഠിത ദർഘാസുകൾ മുഖേന മുൻകൂട്ടി ലഭിക്കുന്ന ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തുന്ന കമ്പനികളുമായി കോർപ്പറേഷൻ കരാറിൽ ഏർപ്പെടുന്നതിലൂടെ ഒരു വർഷത്തേയ്ക്ക് കുറഞ്ഞ നിരക്കിൽ മരുന്നുകൾ സംഭരിക്കുന്നതിനും, മരുന്നു വിതരണം നടത്തുന്നതിനും സാധിക്കുന്നു.<br>(3) നടപ്പ് സാമ്പത്തിക വർഷം പേവിഷ പ്രതിരോധ ചികിത്സയ്ക്കായും, മറ്റ് പകർച്ചപ്പനിയുടെ |

| | | | |
|---|---|---|---|
| | | | ചികിത്സയ്ക്കായും കൂടുതൽ രോഗികൾ സർക്കാർ ആശുപത്രികളെ സമീപിച്ചതിനാൽ അടിയന്തിര സാഹചര്യം കണക്കിലെടുത്ത് പ്രസ്തുത രോഗചികിത്സയ്ക്കാവശ്യമായ വാക്സിനും, മറ്റ് ആന്റിബയോട്ടിക് ഔഷധങ്ങളും ഇൻഡന്റിനെക്കാൾ ഉപരിയായി സംഭരിച്ച നൽകിയിട്ടുണ്ട്.<br>**(4)** ഇതിനുപുറമെ വർദ്ധിച്ചുവരുന്ന ജീവിതശൈലീ രോഗങ്ങളുടെ സ്ഥിതി മുൻകൂട്ടി മനസ്സിലാക്കി ടി രോഗചികിത്സയ്ക്കാവശ്യമായ മരുന്നുകളും ആവശ്യാനുസരണം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ ഭാഗത്തു നിന്നും സ്വീകരിച്ചിട്ടുണ്ട്.<br>**(5)** ദർഘാസിൽ വിതരണക്കാരെ ലഭ്യമാകാത്ത അടിയന്തിര പ്രാധാന്യമുള്ള മരുന്നുകൾ കാരുണ്യ ഫാർമസികളിലൂടെയും സംഭരിച്ച് സർക്കാർ ആശുപത്രികൾ മുഖേന സൗജന്യമായി വിതരണം നടത്തിയിട്ടുണ്ട്.<br>കൂടാതെ, കേരള മെഡിക്കൽ സർവ്വീസസ് കോർപ്പറേഷന്റെ കീഴിലുള്ള കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിലൂടെ മരുന്നു സംഭരണവും വിതരണവും നടത്തി വരുന്നു. വളരെ കുറഞ്ഞ മാർജിൻ നിശ്ചയിച്ചാണ് വില്പ്പന വില തീരുമാനിക്കപ്പെടുന്നത്. |
| (ബി) | കൂടുതൽ കാരുണ്യ ഫാർമസികൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ; | (ബി) | മലപ്പുറം താലൂക്ക് ഹെഡ് ക്വാർട്ടേഴ്സ് ആശുപത്രിയിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസി എത്രയും പെട്ടെന്ന് ആരംഭിക്കുന്നതിന് നടപടി സ്വീകരിച്ച് വരുന്നു. തിരൂരങ്ങാടി താലൂക്കാശുപത്രി തൊടുപുഴ ജില്ലാ ആശുപത്രി, പുലയനാർക്കോട്ട ടിബി സെൻറർ, ആലുവ ജില്ലാ ആശുപത്രി, ആറ്റിങ്ങൽ താലൂക്കാശുപത്രി എന്നിവിടങ്ങളിൽ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുന്നതിനുള്ള ശിപാർശകൾ പരിഗണനയിലാണ്. താലൂക്ക് ആശുപത്രി തലം മുതൽ എല്ലാ ആശുപത്രികളിലും കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികൾ ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നു. |
| (സി) | കാരുണ്യ ഫാർമസികളിൽ അവശ്യ മരുന്നുകളുടെ ലഭ്യത ഉറപ്പ് വരുത്തുന്നതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ച് വരുന്നതെന്ന് വ്യക്തമാക്കുമോ? | (സി) | നിലവിൽ വിവിധ കമ്പനികളുടെ **8000** ൽ പരം മരുന്നുകൾ കാരുണ്യ കമ്മ്യൂണിറ്റി ഫാർമസികളിൽ ലഭ്യമാണ്. കൂടാതെ വിപണിയിൽ പുതുതായി സ്ഥാനമുറപ്പിച്ച കമ്പനികളുടെ മരുന്നുകളും ഇതിൽ ഉൾപ്പെടുത്തുന്നതിനുള്ള ശ്രമം നടന്നുവരുന്നു. |

സെക്ഷൻ ഓഫീസർ